പാഠപുസ്തക വിതരണം

79 (676) ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീമതി ഗിരിജാസുരേന്ദ്രൻ :
ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതൊക്കെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളാണ് ഈ വർഷം മാറുന്നത് ;

(ബി) എത്രലക്ഷം പാഠപുസ്തകങ്ങളാണ് ഈ വർഷം പുതുതായി അച്ചടിക്കേണ്ടി വരിക ;

(സി) ആരെയൊക്കെയാണ് അച്ചടിക്ക് ചുമതലപ്പെടുത്തിയിരിക്കുന്നത് ; എത്ര പുസ്തകം വീതം ;

(ഡി) അച്ചടിയുടെ പുരോഗതി വെളിപ്പെടുത്താമോ ;

(ഇ) പാഠപുസ്തക വിതരണം ആരംഭിച്ചിട്ടുണ്ടോ ; എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഒന്ന്, രണ്ട്, മൂന്ന് ക്ലാസ്സുകളിലെ എല്ലാ പാഠപുസ്തകങ്ങളും 9-ാം ക്ലാസ്സിലെ ഉപപാഠപുസ്തകങ്ങളൊഴികെയുള്ള എല്ലാ പാഠപുസ്തകങ്ങൾക്കുമാണ് ഈ വർഷം മാറ്റമുണ്ടായിട്ടുള്ളത്.

(ബി) ആകെ 1,13,60,000 പുസ്തകങ്ങളാണ് ഈ വർഷം പുതുതായി അച്ചടിക്കുന്നത്.

(സി) 1. കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻ സൊസൈറ്റി, കാക്കനാട്-1,51,13,000

2. കേരള സ്റ്റേറ്റ് ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ തിരുവനന്തപുരം - 18,08,500

3. ഗവൺമെന്റ് പ്രസ്സുകൾ - 12,33,000

4. 14 സ്വകാര്യ പ്രസ്സുകൾ - 1,66,98,500

ആകെ 3,48,53,000

സ്വകാര്യ പ്രസ്സുകളുടെ പേരുവിവരവും അച്ചടിക്കുന്ന പുസ്തകങ്ങളുടെ എണ്ണവും അനുബന്ധമായി കൊടുത്തിയിട്ടുണ്ട്.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പാഠപുസ്തകങ്ങളുടെ അച്ചടി ഏതാണ്ട് അവസാനഘട്ടത്തിലാണ്. അച്ചടികടലാസ്സിന്റെ ലഭ്യതയിൽ വന്ന കുറവുമൂലം അച്ചടിയിൽ പ്രതീക്ഷിച്ച പുരോഗതി കൈവരിക്കാനായില്ല. എന്നിരുന്നാലും ഈ ദൗർലഭ്യം പരിഹരിച്ച് അച്ചടി കഴിയുന്നത്ര വേഗം പൂർത്തീകരിക്കാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) ഏപ്രിൽ മാസം ആരംഭിച്ച പാഠപുസ്തക വിതരണം താമസംവിനാ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

പാഠപുസ്തകങ്ങളുടെ വില നിയന്ത്രിക്കാൻ നടപടി

80 (677) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്കായുള്ള പാഠപുസ്തകങ്ങളുടെ വില നിയന്ത്രിക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) അച്ചടി വിലയുടെ മേൽ സ്റ്റിക്കർ ഒട്ടിച്ച് അമിതവിലയ്ക്ക് പുസ്തകം കച്ചവടം ചെയ്യുന്നവർക്കെതിരെ എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ പാഠപുസ്തകങ്ങൾ വിൽക്കുന്നതിൽ ഏകീകൃത നടപടി കൊണ്ടുവരുവാൻ എന്തുനടപടി സ്വീകരിക്കും എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ സ്കൂൾ പാഠപുസ്തകങ്ങളുടെ വില സർക്കാർ അംഗീകരിച്ചു നൽകിയിട്ടുള്ളതും ലാഭമോ നഷ്ടമോ കണക്കാക്കാതെ നിശ്ചയിച്ചിട്ടുള്ളതുമാണ്. പഴയ പുസ്തകങ്ങൾക്കെല്ലാം മുൻവർഷങ്ങളിലെ തന്നെ വിലയേ ഉള്ളൂ. ഈ അദ്ധ്യയന വർഷം പുതുക്കിയ പാഠപുസ്തകങ്ങളുടെ വില പഴയ വിലയേക്കാൾ 20% വർദ്ധിപ്പിച്ചാണ് നിശ്ചയിച്ചിട്ടുള്ളത്. മുൻവർഷങ്ങളെ അപേക്ഷിച്ച് ഉൽപ്പാദന ചെലവ് വർദ്ധിച്ചതിനാലാണ് ഇപ്രകാരം ചെയ്തിട്ടുള്ളത്.

(ബി) ഇതു സംബന്ധിച്ച് ഇതുവരെ ഒരു പരാതിയും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇപ്രകാരം സംഭവിച്ചാൽ ഇത്തരത്തിൽ കച്ചവടം നടത്തുന്നവർക്കെതിരെ കർശനമായ ശിക്ഷണനടപടികൾ സ്വീകരിക്കുന്നതായിരിക്കും. സഹകാര്യമേഖലയിൽ പാഠപുസ്തകങ്ങളുടെ കച്ചവടം ഇപ്പോൾ അനുവദിച്ചിട്ടില്ല.

(സി) ഇപ്പോൾ സംസ്ഥാനത്തുടനീളം സ്കൂൾ സഹകരണസംഘങ്ങൾ വഴി മാത്രമാണ് പാഠപുസ്തകങ്ങൾ വിൽപ്പന നടത്തി വരുന്നത്. ഈ വിൽപ്പന സംബന്ധിച്ച് അവലംബിച്ചിരിക്കുന്ന രീതിയും ചട്ടങ്ങളും സർക്കാർ നിർദ്ദേശപ്രകാരമുള്ളതും അംഗീകൃതവുമാണ്. ഓരോ സ്കൂളുകളുടേയും ആവശ്യമനുസരിച്ചുള്ള പുസ്തകങ്ങൾ ക്രെഡിറ്റ് പർച്ചേസ് വ്യവസ്ഥ അനുസരിച്ചാണ് സ്കൂൾ സഹകരണസംഘങ്ങൾക്ക് നൽകി വരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly